©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ജൂലൈ 04<br>04th July 2022<br>1197 മിഥുനം 20<br>20th Mithunam 1197<br>1944 ആഷാഢം 13<br>13th Ashadha 1944 | നമ്പർ<br>No. | 2204 |


GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.76/2022/TAXES.

*Dated, Thiruvananthapuram, 3rd July, 2022*
*19th Mithunam, 1197*

**S. R. O. No. 659/2022**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908 ), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the increased fee necessitated due to the introduction of fair value of land with effect from 1st April,2010 chargeable under the said act for the registration of

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

conveyance of land in favour of those who got land from the Greater Cochin Development Authority in lieu of the land acquired for the Ambedkar Stadium Project, and registration of conveyance of which could not be effected so far.

By order of the Governor,
Rajesh Kumar Singh IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Secretary, Greater Cochin Development Authority has informed that the decision was taken at the 75$^{th}$ Board Meeting held on 30$^{th}$ April, 1981 to provide land in the Kaloor area of the Greater Kochi Development Authority in lieu of land acquired from former Chief Justice Subramanian Potti for the Ambedkar Stadium project. It was also decided that the cost would be borne by the Authority on the model of other schemes. The Secretary has informed that the registration of this land would cost a huge amount to the Authority as per the existing fair value of land. The Secretary, Greater Cochin Development Authority has requested the Government to grant exemption for the registration of conveyance of land in lieu of the land acquired for the Ambedkar Stadium Project for registering the conveyance of land on realization of registration fees based on the value of land at the time of conveyance and by remitting the increased registration fees necessitated due to the introduction of fair value of land with effect from 1$^{st}$April,2010. Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.07.04 02:40:25 +05:30

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2022 ജൂലൈ 04<br>04th July 2022<br>1197 മിഥുനം 20<br>20th Mithunam 1197<br>1944 ആഷാഢം 13<br>13th Ashadha 1944 | നമ്പർ<br>No. 2205 |


GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.77/2022/TAXES.

*Dated, Thiruvananthapuram, 3rd July, 2022*
*19th Mithunam, 1197*

**S. R. O. No. 660/2022**

In exercise of the powers conferred by clause(a) of subsection(1)of section 9 of the Kerala Stamp Act,1959 (17 of 1959) the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the increased stamp duty, necessitated due to the introduction of fair value of land with effect from 1st April, 2010, chargeable under the said act for the registration of conveyance of land in favour of those who got land from the Greater Cochin Development Authority in

lieu of the land acquired for the Ambedkar Stadium Project, and registration of conveyance of which could not be effected so far.

By order of the Governor,
Rajesh Kumar Singh IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Secretary, Greater Cochin Development Authority has informed that a decision was taken at the 75th Board Meeting held on 30th April, 1981 to provide land in the Kaloor area of the Greater Kochi Development Authority in lieu of land acquired from former Chief Justice Subramanian Potti for the Ambedkar Stadium project. It was also decided that the cost would be borne by the Authority on the model of other schemes. The Secretary has informed that the registration of this land would cost a huge amount to the Authority as per the existing fair value of land. The Secretary, Greater Cochin Development Authority has requested the Government to grant exemption for the registration of conveyance of land in lieu of the land acquired for the Ambedkar Stadium Project for registering the conveyance of land on realization of stamp duty based on the value of land at the time of conveyance and by remitting the increased stamp duty necessitated due to the introduction of fair value of land with effect from 1st April, 2010. Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.07.04 02:42:42 +05:30

-61-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-06-2022

ഫയൽ നം. ജെ1/60/2022/നി.വ. ഇനം നം: 883

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - അംബേദ്കർ സ്റ്റേഡിയം പദ്ധതിക്ക് വേണ്ടി ഏറ്റെടുത്ത ഭൂമിക്കു പകരം ഭൂമി അനുവദിക്കുന്നതിന്റെ രജിസ്ട്രേഷൻ നടത്തുന്നതിന് GO(P) No. 126/2012/TD dated 16.07.2012, GO(P) No.127/2012/TD dated 16.07.2012 ഉത്തരവ് പ്രകാരമുള്ള ഇളവ് (മുദ്രവില, ഫീസ്) ലഭ്യമാക്കണമെന്ന വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

30/6/22.
J.S

883

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/60/2022/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - അംബേദ്കർ സ്റ്റേഡിയം പദ്ധതിക്ക് വേണ്ടി ഏറ്റെടുത്ത ഭൂമിക്ക പകരം ഭൂമി അനുവദിക്കുന്നതിന്റെ രജിസ്ട്രേഷൻ നടത്തുന്നതിന് GO(P) No. 126/2012/TD dated 16.07.2012, GO (P) No. 127/2012/TD dated 16.07.2012 ഉത്തരവ് പ്രകാരമുള്ള ഇളവ് (മുദ്രവില, ഫീസ്) ലഭ്യമാക്കണമെന്ന വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/06/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.ദിലീപ് കുമാർ .റ്റി.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 18/06/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/06/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21/06/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22/06/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

6283599

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അംബേദ്ക്കർ സ്റ്റേഡിയം പദ്ധതിക്ക് വേണ്ടി ഏറ്റെടുത്ത ഭൂമിക്കു പകരം ഭൂമി അനുവദിക്കുന്നതിന്റെ രജിസ്ട്രേഷൻ നടത്തുന്നതിന് GO(P) No. 126/2012/TD dated 16.07.2012, GO(P) No. 127/2012/TD dated 16.07.2012 ഉത്തരവുകൾ പ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കണമെന്ന വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) അംബേദ്കർ സ്റ്റേഡിയം പദ്ധതിക്കു വേണ്ടി മുൻ ചീഫ് ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റിയിൽ നിന്നും ഏറ്റെടുത്ത ഭൂമിക്കു പകരമായി വിശാല കൊച്ചി വികസന അതോറിറ്റിയുടെ കലൂർ ഏരിയയിലുള്ള ഭൂമി നൽകുന്നതിന് 30.04.1981-ൽ ചേർന്ന 75-ാമത് ബോർഡ് മീറ്റിംഗിൽ തീരുമാനമെടുക്കുകയും ആയതിന്റെ ചെലവ് മറ്റ് സ്കീമുകളുടെ മാതൃകയിൽ അതോറിറ്റി വഹിക്കുവാനും തീരുമാനമെടുത്തിരുന്നു. ഈ ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിന് ഇന്നത്തെ ഫെയർവാല്യൂ പ്രകാരം അതോറിറ്റിക്ക് വൻ തുക ചെലവു വരുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 1981-ൽ വില നിശ്ചയിച്ച് കൈമാറ്റം നടത്തിയ ഈ വസ്തുവിന് GO(P) No. 126/2012/TD dated 16.07.2012, GO (P) No. 127/2012/TD dated 16.07.2012 ഉത്തരവ് പ്രകാരമുള്ള ഇളവ് ലഭ്യമാക്കണമെന്നാണ് സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്.

3) ന്യായവില നിലവിൽ വന്നത് മൂലം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച നിരക്കിലുള്ള തുകയിൽ ഇളവ് നൽകി, Kerala State Housing Board ഉം GCDA യും അവരുടെ ഗുണഭോക്താക്കൾക്ക് നേരത്തെ നൽകിയിട്ടുള്ള വസ്തുക്കളുടെ മൂല്യത്തിനനുസരിച്ചുള്ള മുദ്രവിലയും രജിസ്ട്രേഷൻ ഫീസും മാത്രം ചുമത്തി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് യഥാക്രമം GO(P) No.126/2012/TD dated 16.07.2012, GO(P) No.127/2012/TD dated 16.07.2012 ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതായിരുന്നു.

4) അംബേദ്കർ സ്റ്റേഡിയം പദ്ധതിക്കു വേണ്ടി റിട്ട. ജസ്റ്റിസ് ശ്രീ.സുബ്രഹ്മണ്യൻ പോറ്റിയിൽ നിന്നും 5.26 ആർ വസ്തു വിശാല കൊച്ചി വികസന അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും ആയതിന് പകരമായി അതോറിറ്റി വക 5.08 ആർ വസ്തു നൽകിയിട്ടുള്ളതുമാണെന്നും എന്നാൽ ടി വസ്തുക്കൾ പരസ്പര മാറ്റ ആധാരപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ 497/2 ൽപ്പെട്ട റിട്ട.ജസ്റ്റിസ് ശ്രീ.സുബ്രഹ്മണ്യൻ പോറ്റിയുടെ 5.26 ആർ വസ്തു Residential Plot with Corporation Road access എന്ന ക്ലാസിഫിക്കേഷനിലാണ് പെടുന്നത്. ആയതിന് ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം ഒരാറിന് 31,92,000/- രൂപ വില കണക്കാക്കുന്നതും അപ്രകാരം 5.26 ആർ വസ്തുവിന് 1,67,89,920/- രൂപ വില വരുന്നതുമാണ്. കൂടാതെ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ 343/1 ൽപ്പെട്ട അതോറിറ്റി വക 5.08 ആർ വസ്തു Residential Plot with Corporation Road access എന്ന ക്ലാസിഫിക്കേഷനിലാണ് പെടുന്നത്. ആയതിന് ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം ഒരാറിന് 39,90,000/- രൂപ വില കണക്കാക്കുന്നതും അപ്രകാരം 5.08 ആർ വസ്തുവിന് 2,02,69,200/- രൂപ വില വരുന്നതുമാണ്.

5) ടി വസ്തുക്കൾ പരസ്പരമാറ്റാധാരപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് കേരള മുദ്രപത്ര നിയമം പട്ടികയിലെ ആർട്ടിക്കിൾ 29 പ്രകാരം കൂടിയ വില വരുന്ന വസ്തുവിന്റെ വിലയ്ക്കുള്ള മുദ്രസലയും രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. ആയത് പ്രകാരം 5.08 ആർ വസ്തുവിന്റെ വിലയായ 2,02,69,200/- രൂപയ്ക്ക് 8 ശതമാനം നിരക്കിൽ 16,21,536/- രൂപ മുദ്രയും 2 ശതമാനം നിരക്കിൽ 4,05,384/- രൂപ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. ടി പരസ്പരമാറ്റ ആധാര രജിസ്ട്രേഷന് ഇളവ് അനുവദിച്ചാൽ മുദ്രവിലയിനത്തിൽ 16,21,536/- രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 4,05,384 രൂപയും ഉൾപ്പെടെ ആകെ 20,26,920/- രൂപ സർക്കാരിന് വരുമാന നഷ്ടം സംഭവിക്കുമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം

ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

7) വിശാല കൊച്ചി വികസന അതോറിറ്റിയുടെ അപേക്ഷയിന്മേൽ LSGD(IA) വകുപ്പിനെ ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം അറിയിച്ചിരുന്നു.

"കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റേയും വിശാലകൊച്ചി വികസന അതോറിറ്റിയുടെയും ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വർഷങ്ങൾക്കു മുമ്പ് താൽക്കാലികമായി വില നിശ്ചയിച്ച് വസ്തുക്കൾ അലോട്ട് ചെയ്തിരുന്നുവെങ്കിലും ലാന്റ് അക്വിസിഷൻ, അപ്പീൽ മുതലായ കാരണങ്ങളാൽ ആധാരങ്ങളുടെ രജിസ്ട്രേഷൻ നടക്കാതെ പോവുകയും എന്നാൽ 01/04/2010 മുതൽ ഫെയർവാല്യൂ നടപ്പിൽ വന്നതു മൂലം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായ വർദ്ധനവിൻമേലാണ് GO(P) No. 126/2012/TD dated 16.07.2012, GO (P) No. 127/2012/TD dated 16.07.2012 എന്നീ ഉത്തരവുകൾ പ്രകാരം ടി ഗുണഭോക്താക്കൾക്ക് ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്. ആയതിനാൽ, വിശാല കൊച്ചി വികസന അതോറിറ്റിയുടെ അംബേദ്കർ സ്റ്റേഡിയം പദ്ധതിക്ക് വേണ്ടി ഏറ്റെടുത്ത ഭൂമിക്ക് പകരമായി ഭൂവുടമയായ മുൻ ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റിയുടെ പേരിൽ രജിസ്ട്രേഷൻ ചെയ്യുന്നതിന് ടി ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കുകയില്ലായെന്ന് LSGD(IA) വകുപ്പിനെ അറിയിക്കുന്നു."

8) ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് വീണ്ടും ഉന്നയിച്ചപ്പോൾ, ധനകാര്യവും നികുതിയും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

" This was discussed with Secretary LSGD and Secretary GCDA. Late Justice Sri. Subramanian Potti had given land for construction of Ambedkar Stadium and had been provided GCDA land as the only compensation. Registration of this property in his name was never done. Therefore, GCDA is now requesting that the stamp duty for registering this property(which is their liability) in the name of the legal heirs of Sri. Subramanian Potty may be waived on the same lines as the housing

schemes mentioned at para 2 above. We may consider this proposal favorably on the same pattern as the housing schemes of KSHP and GCDA, for which similar exemption was granted, since these were all for public purposes.

For consideration" .

9) ബഹു. ധനകാര്യ വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"Hon'ble CM may pl see".

10) ബഹു. മുഖ്യ മന്ത്രിയുടെ ഉത്തരവ് ചുവടെ ചേർത്തിരിക്കുന്നു.

"അംഗീകരിച്ചു."

11) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വിശാലകൊച്ചി വികസന അതോറിറ്റിയുടെ അംബേദ്കർ സ്റ്റേഡിയം പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടു കൊടുത്തതിനു പകരമായി അലോട്ടികൾക്ക് ലഭിച്ച ഇനിയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാത്ത വസ്തുക്കളുടെ ആധാര രജിസ്ട്രേഷന്, 01/04/2010 മുതൽ ഭൂമിയുടെ ന്യായവില പ്രാബല്യത്തിൽ വന്നതുമൂലം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച നിരക്കിലുള്ള തുക ഇളവ് ചെയ്ത്, പ്രസ്തുത വസ്തു കൈമാറ്റം ചെയ്യുമ്പോഴുള്ള വില കണക്കാക്കിയുള്ള മുദ്രവിലയും, ഫീസും ഈടാക്കി രജിസ്റ്റർ ചെയ്തു നൽകുവാൻ അനുമതി നൽകാമോ?